# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 4 : ഏപ്രിൽ 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*സീലഗന്ധസമോ ഗന്ധോ,*
*കുതോ നാമ ഭവിസ്സതി,*
*യോ സമം അനുവാതേ ച*
*പടിവാതേ ച വായതി.*

ശീലഗന്ധ സമം
വേറേ ഏതു ഗന്ധമുണ്ട്,
കാറ്റിനോപ്പവും, കാറ്റിനെതിരായും
സമം വീശുന്നവ

— **വിസുദ്ധിമഗ്ഗ വീ. ആർ. ഐ. 1.9**

## ബുദ്ധന്റെ സമ്യക് സംബോധി, സത്യത്തിന്റെ സാക്ഷാത്കാരം

**എസ. എൻ. ഗോയങ്ക**

വൈശാഖ് പൂർണ്ണിമയുടെ മംഗളമായ ആ രാത്രി ധന്യമായിത്തീർന്നു – യുവാ യോഗി സിദ്ധാർത്ത ഗൗതം ബോധിവൃക്ഷച്ചുവട്ടിൽ തന്റെ മേൽ അനുപമമായ വിജയപ്രാപ്തി നേടി. സകല അജ്ഞാനം – ഇരുട്ട് അകന്നുപോയി. പ്രജ്ഞയുടെ വെളിച്ചം–രശ്മി തിളങ്ങി ഉദിച്ചു. സൂക്ഷ്മാതി സൂക്ഷ്മമായ അകത്തെ ക്ലേശത്തിന്റെ മലിനങ്ങൾ കഴുകിപ്പോയി. നിതാന്ത വിരജ വിമലമായ ധർമ്മചക്ഷു പ്രാപ്തമായി. അനേക ജന്മങ്ങളുടെ പൂർവ്വ സംസ്കാരങ്ങളുടെ സകല ലേപങ്ങളും ഉരിഞ്ഞുപോയി. അന്തർ മാനസം പൂർണ്ണമായി നിർമ്മലം, ലേപരഹിതമായി. സകല കർമ്മ ബന്ധനങ്ങളും ഛിന്നഭിന്നമായി. ചിത്തം എല്ലാം കൊണ്ടും ബന്ധനമുക്തമായി. ഭാവിയെക്കുറിച്ച് ഒരു തൃഷ്ണയും അവശേഷിച്ചില്ല. മനസ്സ് പൂർണ്ണമായി തൃഷ്ണാരഹിതമായി. മോഹ–മൂഢത, മായാ–മരീചിക, ഭ്രമങ്ങളുടെ സകല മേഘാവരണങ്ങളും ദൂരീകരിക്കപ്പെട്ടു. പരമ സത്യത്തിന്റെ സാക്ഷാത്കാരമായി. അനന്ത ജന്മങ്ങളുടെ സ്തപ്രയത്നം സഫലമായി. ബോധിസത്വ സിദ്ധാർത്ത ഗൗതം സമ്യക് സംബുദ്ധനായി.

അനുപമ വിമുക്തിയുടെ രസം ആസ്വധിച്ച തോടെ സമ്യക് സംബുദ്ധന്റെ വായിന്ന് ഹർഷോല്ഹാസത്തിന്റെ വാക്കുകൾ പുറത്തു വീണു. വളരേ അർത്ഥപൂർണ്ണമായ ഉദാനം – വാക്കുകൾ. വളരെ ഭാവപൂർണ്ണമാണ് ഈ ഹൃദയത്തിൽ നിന്ന് ഒഴുകിവന്ന വാക്കുകൾ.

അനേക ജാതി സംസാരം

സന്ധാവിസ്സം അനിബ്ബിസം.

ഗഹകാരകം ഗവേസന്തോ

ദുക്ഖാ ജാതി പുനപ്പുനഃ

ഗഹകാരക ദിട്ഠോസി

പുനഃ ഗേഹം ന കാഹസി,

സബ്ബാ തെ ഫാസുകാ ഭഗ്ഗാ

ഗഹകൂടം വിസങ്കിതം,

വിസങ്കാരഗതം ചിത്തം

തണ്ഹാനം ഖയമജ്ഝഗാ.

സമ്യക് സംബോധി പ്രാപ്തമാകുന്നതിനു മുമ്പ് ധ്യാനസമാപത്തി ഉപയോഗിച്ച് അനേകം സിദ്ധികൾ പ്രാപ്തമായി – അതിന്റെ ബലത്തിൽ സിദ്ധാർത്ത ഗൗതം തന്റെ അനന്ത ഭൂതകാലത്തിന്റെ ദർശനം ചെയ്തിട്ട് കണ്ടു – അപരിമിതമായ കാലം – പ്രവാഹത്തിൽ, കണക്കില്ല അത്ര തവണ ഈ സംസാരത്തിൽ ജന്മം എടുത്തുകൊണ്ടിരുന്നു. ജന്മമെടുത്തപ്പോഴൊക്കെ എല്ലായ്പ്പോഴും മരണ ത്തിലേക്കാണ് ഓടിക്കൊണ്ടിരുന്നത്. അത് ആരാണ്? – ഓരോ മരണത്തിനുശേഷവും ഒരു പുതിയ ജീവിതം തയ്യാറാക്കുന്നത്? – ഒരു പുതിയ വീട് നിർമ്മിക്കുന്നത്? ഈ വീടുണ്ടാക്കുന്നവന്റെ പുറകേ തിരഞ്ഞുകൊണ്ട് എത്ര എത്ര ജന്മങ്ങളിൽ എത്ര സമയം കഴിച്ചു – എന്നിട്ട് തിരഞ്ഞ് തിരഞ്ഞ് വീണ്ടും വീണ്ടും ദുഖപൂർണ്ണമായ ജീവിതം തന്നെയാണ് എടുക്കേണ്ടിവന്നിട്ടുള്ളത്. ഈ പ്രാവശ്യം അത്തരം സമ്യക് സംബോധി പ്രാപ്തമായി – പൂർണ്ണ സത്യം കണ്ണിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ വീടു പണിയുന്നവനെ കണ്ടെത്തി. ഇനി വീണ്ടും എനിക്കുള്ള വീടു പണിയാൻ കഴിയില്ല. അവന് വീടു പണിയാൻ വേണ്ടി ആവശ്യപ്പെടുന്ന സാമഗ്രി കളെല്ലാം തന്നെ നാശനഷ്ടമാക്കികഴിഞ്ഞു ഞാൻ. വീടു പണിയുന്നവൻ ഇനി എന്തുപയോഗിച്ച് വീടു പണിയും? ഛിന്നഭിന്നമായി വീടിന്റെ സകല തറകല്ലുകളും, ഛിന്നഭിന്നമായി ശിഖര സ്ഥമ്പവും.

പുതിയ വീടു പണിയാനായി വേണ്ട ഒരു ആധാരവും അവശേഷിക്കുന്നില്ല.സംസാരത്തിൽനിന്ന് പൂർണ്ണമായി മുകതി നേടി. മുക്തനായി, പരമ പരിശുദ്ധനായി. ഈ മനസ്സ് – ഇതിനു മേലേ പുരട്ടിയിരുന്ന സകല പഴയെ ലേപങ്ങൾ ഒഴുകിപ്പോയി. ഇനിമേൽ ഒരു ലേപവും കയറിപ്പിടിക്കാൻ സാധ്യമല്ല കാരണം ഭാവിയേക്കുറിച്ച് മനസ്സിൽ ഒരു മോഹവും നിലവിലില്ല. സകല തൃഷ്ണകളേയും വേരോടെ പിഴുത് കളഞ്ഞു – കാമ തൃഷ്ണ, ഭവ തൃഷ്ണ, വിഭവ തൃഷ്ണ അടക്കം.

ആരായിരുന്നു ഈ വീട് തയ്യാറാക്കുന്നവൻ? ആരുടെ ദർശനമാണ് സമ്യക് സംബുദ്ധനുണ്ടായത്? വിമുക്തിയുടെ സംഘർഷത്തിനിടയിൽ ആ രാത്രി ആ ദേവപുത്ര മാരയുടെ ദർശനമാണ് ഉണ്ടായത്. ആ മാര തന്നെയാണോ വീടു തയ്യാറാക്കുന്നവൻ? ഈ മാര ആരാണ്? നമ്മുടെ അന്തർ മാനസത്തിനുള്ളിൽ വസിക്കുന്ന സകല (മാലിന്യങ്ങളും) കർമ്മ സംസ്കാരങ്ങളുടെ വ്യക്തീകരണം തന്നെയല്ലെ മാര? സത്യമായും ഈ മാര തന്നെയല്ലെ വീണ്ടും വീണ്ടും നമ്മൾക്കു വേണ്ടി പുതിയ–പുതിയ വീടുകൾ സൃഷ്ടിക്കുന്നത്. പുതിയ പുതിയ ജന്മങ്ങൾ വഴി പുതിയ പുതിയ ശരീരം ഉത്പാദിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ ഈ മാര ഇപ്പോൾ സർവ്വതഃ നിസ്സഹായനായി, ബലഹീനനായി. ഇനി എങ്ങിനെ വീടു തയ്യാറാക്കാൻ സാധിക്കും? വീടുണ്ടാക്കാൻ വേണ്ടി ഉപയോഗപ്പെടുന്ന സകല സാമഗ്രികളും എന്തെന്നാൽ സകല പൂർവ്വ സംചിത സംസ്കാരങ്ങളും സത്യത്തിൽ ഛിന്നഭിന്നമായി. പുതിയ സംസ്കാരം ജനിപ്പിക്കുന്ന സകല ഇച്ചാശക്തിയും വേരോടെ നഷ്ടമായി. ഭൂത കാലത്തിൽ സംഗ്രഹിച്ചുവെച്ച സംസ്കാരങ്ങളും ഭാവിയിൽ ജനിക്കാൻ പോകുന്ന തൃഷ്ണയും തന്നല്ലെ നമുക്ക് പുതിയ–പുതിയ ഭവത്തിന്റെ കാരണമാകുന്നത്.

ഖീണം പുരാണം, നവം നത്ഥി സംഭവം – പഴയവ ക്ഷയിച്ചു, പുതിയതു നിർമ്മിക്കുന്നില്ല. ഇതുതന്നെയായിരുന്നു വിമുക്തിയുടെ അവസ്ഥ, ഇതുതന്നെയായിരുന്നു ആ ബോധിസത്വന്റെ സമ്യക് സംബോധി, ഇതുതന്നെയായിരുന്നു ഇരുട്ടിൻമേൽ പ്രകാശത്തിന്റെ വിജയം, മൃതത്തിനുമേൽ അമൃതത്തിന്റെ വിജയം, അസത്യത്തിൻ മേൽ സത്യത്തിന്റെ വിജയം. പക്ഷെ സിദ്ധാർത്ത ഗൗതമന്റെ ഈ അനുപമമായ നേട്ടത്തിന്റെ കാര്യം കേട്ട് നമ്മൾ പ്രസന്നമായി ധന്യധന്യമായെന്ന് പറഞ്ഞതു മാത്രം കൊണ്ട് നമുക്ക് വിശേഷലാഭമൊന്നും ലഭിക്കുകയില്ല. നമുക്ക് വാസ്തവമായ ലാഭം ബോധി പ്രാപ്തിയിലാണുള്ളത്. സ്വയം പരമ സത്യത്തിന്റെ സാക്ഷാത്കാരം ചെയ്ത് വിമുക്തമാകുന്നതിലാണുള്ളത്. ആയതിനാൽ സിദ്ധാർത്ത ഗൗതമന്റെ ഈ മഹത്തായ ആത്മവിജയത്തിൽ നിന്ന് ശരിയായ പ്രേരണ എടുത്ത്, സ്വയം ഈ വഴി നടന്ന് – കുറച്ചായാലും ശരി, ഈ ജീവിതത്തിൽ തന്നെ ചിത്ത–വിമുക്തി നേടിയാൽ മാത്രമെ ശരിയായ സുഖത്തിന്റെ അധികാരികളാകാൻ കഴിയൂ. അതു കാരണം മനസ്സിലാക്കുക – സിദ്ധാർത്ത ഗൗതമന്റെ സമ്യക് സംബോധി എന്തായിരുന്നു, അതെങ്ങിനെ പ്രാപ്തമായി.

ഇതൊരു അദൃശ്യ ശക്തിയുടെ അനുകമ്പ സ്വരൂപം നടന്ന വല്ല അലൗകികമായ വിസ്മയ പൂർണ്ണ പ്രതിഭാസമായിരുന്നില്ല. ഇത് മനുഷ്യന്റെ സ്വയം ചെയ്ത കഠിനാദ്ധ്വാനം മൂലം നേടിയെടുത്ത അതിശ്രേഷ്ടമായ നേട്ടമാണ്. ചില കല്പനകളുടെ സഹായത്താൽ പ്രാപ്തമായ വല്ല സാരമില്ലാത്ത ബുദ്ദിയുപയോഗിച്ച് നേടിയ നേട്ടമല്ല. ഇത് സമ്യക് സംബോധിയായിരുന്നു – പരമ സത്യത്തിന്റെ പ്രത്യക്ഷമായ സാക്ഷാത്കാരമായിരുന്നു. ഇത് പ്രാപ്തമാകാൻ മിഥ്യാ കല്പനകളുടെ സഹായം എടുത്തിട്ടില്ല. മിഥ്യാ ഭാവാവേശത്തിന്റെയും സഹായം എടുത്തിട്ടില്ല. മസ്തിഷ്കത്തിനെയും ഹൃദയത്തിനെയും ഈ രണ്ടു ദൂഷണങ്ങളിൽ നിന്ന് അകറ്റി നിറുത്തിയിട്ട് മാത്രമെ ഈ നിതാന്ത നിർമ്മല അവസ്ഥ പ്രാപ്തമായിള്ളൂ. മസ്തിഷ്കം അപരിമിതമായ ശുദ്ധ ജ്ഞാനം വശത്താക്കി, ഹൃദയം ഭാവാവേശത്തിന്റെ മലിനങ്ങളിൽനിന്ന് ഒഴുവായി വിശുദ്ധ മൈത്രിയും കരുണയും നേടിയെടുത്തു. ഇതെല്ലാം സ്വാശ്രയത്തിന്റെ ബലത്തിൽ തന്നെയാണ് നേടിയത്. പരാശ്യതമായി ആരും എങ്ങിനെ സ്വാതന്ത്രവും സ്വാധീനവും നേടും, എങ്ങിനെ വിമുക്തി നേടും? മനുഷ്യന് തന്നെത്താൻ തന്റെ യുദ്ധം തന്റെയുള്ളിൽ ചെയ്യണം – തന്റെ ദുർഗ്ഗുണങ്ങളുടെ മിത്ഥ്യാ ദൃഷ്ടികളേയും എദിർത്തുകൊണ്ട് സ്വയം യുദ്ധം ചെയ്യേണ്ടിവരും. ഈ യുദ്ധത്തിൽ തന്നെയാണ് അജ്ഞാനത്തിന്റെ ഘനത്ത മേഘങ്ങൾ ഛിന്നഭിന്നമായി ഈ ഇരുട്ടിൽനിന്ന് സത്യത്തിന്റെ പ്രകാശം ഉദിക്കുന്നത്.

സത്യത്തിന്റെ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള സാധകൻ അന്തർമുഖനായി ഇത് മനസ്സിലാക്കുന്നു – ഉള്ളിനുള്ളിൽ എന്തൊക്കെ നടന്നുകൊണ്ടിരിക്കുന്നുവൊ അതിന്റെ കാരണങ്ങൾ ഇന്നിന്നതാണ്. അവന് മനസ്സിലാകുന്നു – എന്തെല്ലാം കാരണം മൂലം നടന്നുകൊണ്ടിരിക്കുന്നുവോ അതിന്റെ നിവാരണവും തീർച്ചയായും ചെയ്യാൻ സാധ്യമാണ്. സാധകൻ മനസ്സിലാക്കുന്നു – ഇന്നിന്ന കാരണങ്ങളുടെ നിവാരണം ഇന്നിന്ന പ്രകാരം ചെയ്യാം, അങ്ങിനെ മനസ്സിലാക്കി ആ കാരണങ്ങളെ സ്വയം നിവാരണം ചെയ്ത് ബന്ധനമുക്തനാകുന്നു. നിരഭ്ര ആകാശത്തിൽ തിളങ്ങുന്ന സൂര്യനെപോലെ പ്രതിഷ്ഠിതമാകുന്നു. ഇതുതന്നെയാണ് ശരിയായ വിമുക്തി.

അനേക ജന്മങ്ങൾ, ഈ അന്തിമ ജന്മവും അനേക പ്രകാരത്തിലുള്ള വിദ്യകൾ അഭ്യസിച്ച് അലഞ്ഞുതിരിഞ്ഞു. പക്ഷെ ആ മഹാമനുഷ്യൻ ഒടുവിൽ ഈ പറയുന്ന വിമുക്തിയുടെ സഹജ സരളമായ വഴി കണ്ടെത്തുകയും അതുതന്നെ നമ്മുക്കു വേണ്ടി നിധിയായി വിട്ടുപോകുകയും ചെയ്തു. ഞങ്ങൾ അതിനെ ശരിയായി ഉപയോഗിച്ച് അവർക്ക് പ്രാപ്തമായതു തന്നെ നേടിയെടുക്കാം.

ആ വഴി എന്തായിരുന്നു? സത്യത്തെ ശരിയായ സ്വരൂപത്തിൽ ദർശിച്ചുകൊണ്ടിരിക്കുക, സ്ഥൂലമായ സത്യത്തെ ദർശിച്ച് ദർശിച്ചുകൊണ്ട് സൂക്ഷ്മതയുടെ പരിധിവരെ ദർശിക്കുക. ഘനത്തായ, സംഘനമായ സത്യത്തിന്റെ വിഭാജനം, വിശ്ലേഷണം ചെയ്ത് ചെയ്ത് അതിന്റെ സൂക്ഷ്മമായ പരമാർത്ത സ്വരൂപത്തിന്റെ സാക്ഷാത്കാരം ചെയ്യുക. സത്യത്തിനുവേണ്ടി നടത്തുന്ന ഈ ഗവേഷണം സഫലമാകുന്നതപ്പോഴാണ്. എപ്പോൾ പൂർവ്വ മാന്യത, പൂർവ്വാഗ്രഹങ്ങളുടെ സകല വർണ്ണകണ്ണടകളും മാറ്റിവക്കുകയും ചെയ്ത്

സ്വാനുഭൂതിയുടെ തലത്തിൽ ഏതൊക്കെ സത്യങ്ങൾ മുന്നിൽ പ്രത്യക്ഷപ്പെടുന്നുവൊ, അതിനെ യഥാഭൂതം (അതെങ്ങനെയോ അങ്ങനെ) സ്വീകരിച്ചു കൊണ്ടും പോകുന്നുവൊ – ഈ യഥാഭൂത ജ്ഞാനദർശനം തന്നെയാണ് നമ്മെ പരമ സത്യത്തിന്റെ സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നത്. ഇതിനകം കല്പനകൾക്കും ഒരു സ്ഥാനവു മുണ്ടാവാൻ വഴിയില്ല, ഭാവാവേശത്തിനും ഇല്ല. ബോധിസത്വൻ ഈ രണ്ടിനെയും ഒരു വിശോധന ശാസ്ത്രജ്ഞനെപ്പോലെ ദൂരെ അകറ്റിനിറുതിയിട്ടു തന്നെയാണ് പരമ സത്യത്തിന്റെ ഗവേഷണം ചെയ്ത് സഫലമായത്.

തുറന്ന പ്രകൃതിയിൽ തന്നെയാണ് സിദ്ധാർത്ത ഗൗതം ജനിച്ചത്. തുറന്ന പ്രകൃതിയിൽ സംബോധി നേടി, തുറന്ന പ്രകൃതിയിൽ തന്നെ മഹാപരിനിർവ്വാണം പ്രാപിച്ചു. ജീവിതത്തിലെ മൂന്നു മഹത്തായ ഘട്ടങ്ങളും തുറന്ന പ്രകൃതിയിൽ തന്നെ സംഭവിച്ചു – അവർ തികച്ചും ജീവിതം മുഴുവൻ തുറന്ന പ്രകൃതിയുടെ ഗഹനമായ പഠനം ചെയ്തു. അവർ കണ്ടു – ഈ ജംഗമമായ ലോകത്തിൽ എല്ലാം ഗതിമാൻ തന്നെ ഗതിമാൻ, ഒന്നും നിശ്ചലമല്ല. പ്രതിക്ഷണം സർവ്വത്രം എന്തെങ്കിലും ഘടിതമായി ക്കൊണ്ടിരിക്കുന്നു, പ്രതിക്ഷണം എന്തെങ്കിലും ഭവിച്ചുകൊണ്ടിരിക്കുകയും, മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ ഇത് ഭവസംസാരമാണ്. ഏതൊന്നിനെ നമ്മൾ ജഢമായ ഭൗതിക പദാർത്തമെന്ന് പറയുന്നുവൊ, അതും ജംഗമമാണ് – അത്യന്തം സൂക്ഷ്മമായ തലത്തിൽ അതിലും പ്രതിക്ഷണം പരിവർത്തനം തന്നെ പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ഏതൊന്നിനെ നമ്മൾ ചൈതണ്യം എന്ന് പറയുന്നുവൊ അതിലും പ്രതിക്ഷണം പരിവർത്തനമാകുന്നു. എന്തൊക്കെ പുറം ലോകത്ത് സംഭവിക്കുന്നുവൊ അതു തന്നെയാണ് പ്രാണികളുടെ അകത്തും സംഭവിച്ചുകൊണ്ടിരിക്കുന്നത് – ഏതെങ്കിലും പരി വർത്തനം നടന്നുകൊണ്ടേയിരിക്കുന്നു. ഈ സത്യം തന്നെയാണ് അദ്ധേഹം തന്റെ അകത്ത് അന്തർമുഖനായി കണ്ടെത്തിയത്. പ്രകൃതിയുടെ സകല രഹസ്യങ്ങളും അനാവരണമായി. ഈ ശരീര സ്കന്ദവും, ഈ ചിത്ത സ്കന്ദവും – ഏതിനോട് നമ്മൾ താദാത്മ്യ ഭാവം സ്ഥാപിച്ചിട്ടുണ്ടോ – അതായത്, ഞാൻ, ഞാൻ, എന്റെ, എന്റെ എന്ന ഭാവം സ്ഥാപിച്ചുകൊണ്ട് കെട്ടുകൾ ഇട്ടുകൊണ്ട് പോകുന്നുവൊ – പിരികൾ മുറുക്കിയ കയറുപോലെ മനസ്സിനെ മുറുക്കിക്കൊണ്ട് പോകുന്നുവൊ – അതിന്റെ സകല സ്വഭാവവും പ്രത്യക്ഷപ്പെട്ടു. ഇന്ദ്രീയവും ലോകീയവുമായ ലോകത്തിന്റെ ഈ സൂക്ഷ്മതമമായ സത്യങ്ങളുടെ മരണശീലമായ സ്വഭാവത്തിന്റെ സാക്ഷാത്കാരം ആയതിനപ്പുറം അത് മറികടന്നുള്ള ഇന്ദ്രിയാതീതമായ ലോകോ ത്തരമായ നിർവ്വാണത്തിന്റെ അമൃത സ്വഭാവത്തിന്റെയും സാക്ഷാത്കാരമായി. ഇങ്ങനെ പ്രത്യക്ഷമായ അനുഭൂതിയുടെ തലത്തിൽ ദുഖത്തിന്റെ സാക്ഷാത്കാരമായി, ദുഖത്തിന്റെ കാരണത്തിന്റെ സാക്ഷാത്കാരമായി, ഈ കാരണങ്ങളെ അകറ്റി നിതാന്ത ദുഖ–വിമുക്തിയുടെ സ്ഥിതിയുടേയും സാക്ഷാത്കാരമായി. വരൂ നമ്മളും സ്വാനുഭൂതിയുടെ തലത്തിൽ കണ്ടെത്താം – നമ്മളുടെ ശരീര സ്കന്ദം എന്താണ്? ഈ ചിത്ത സ്കന്ദം എന്താണ്? ഇതു രണ്ടും കൂടിയുള്ള ജീവിതധാര എന്താണ്? ഇതിൻ എപ്രകാരമാണ് പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നത്; എപ്രകാര മാണ് അജ്ഞാനം മൂലം ഉള്ളിന്റെ ഉള്ളിൽ കെട്ടുകൾ പെട്ടുകൊണ്ടിരിക്കുന്നത്; പിരിമുറുക്കങ്ങൾ കൂടിക്കൊണ്ടിരിക്കുന്നത്? എപ്രകാരമാണ് ഈ കെട്ടുകൾ ഇടുന്ന സ്വഭാവത്തെ തടയാൻ സാധിക്കുക? എപ്രകാരമാണ് പഴയവയെ തുറക്കാൻ സാധിക്കുക?

എപ്രകാരമാണ് സകല പിരിമുറുക്കങ്ങളെയും നേരേയാക്കാൻ സാധിക്കുക? – എപ്രകാരമാണ് പരമസത്യത്തിന്റെ സാക്ഷാത്കാരം ചെയ്ത് വിമല–വിമുക്തിരസത്തിന്റെ ആസ്വാധനം ചെയ്യാൻ സാധിക്കുക? വൈശാഖ പൂർണ്ണിമയുടെ ഇതു തന്നെയാണ് പാവനമായ സന്ദേശം. ഇതിന്റെ ലാഭമെടുക്കുക.

നമ്മളും തന്റെ അകത്തുള്ള ഗൃഹ നിർമ്മാതാവായ ദേവപുത്ര മാരന്റെ ദർശനം ചെയ്ത് അതിനെ പരാജയപ്പെടുത്തി ദുർബലനും നിസ്സഹായ നും ആക്കിത്തീർക്കട്ടെ. നമ്മൾക്കും നമ്മുടെ വികാരങ്ങളുടെ (മനസ്സിന്റെ മാലിന്യങ്ങൾ) ദർശനം ചെയ്ത് അതിനെ ക്ഷീണമാക്കാൻ കഴിയട്ടെ. മുക്തി ഇതിലാണുള്ളത്, മംഗളം ഇതിലാണുള്ളത്. മംഗളം ഭവിക്കട്ടെ – (മേയ് 2014 പത്രികാ, ധമ്മഥലി.)

.....................